പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും 4 മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നത് സംബന്ധിച്ചുള്ള വാർത്തകൾ വന്നിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ തന്നെ ഇത് വ്യാജ ഏറ്റുമുട്ടലാണെന്നാണ് പറയുന്നത്. 4 പേരെ കൊന്നത് വളരെ വ്യക്തമായി പറഞ്ഞു.

മി. സ്പീക്കർ: നമ്മൾ ഇന്നലെ വിശദമായി ചർച്ച ചെയ്തതല്ലേ; സഭ വിശദമായി ഇന്നലെ ചർച്ച ചെയ്തു. (......ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, അവിടത്തെ എൽ.ഡി.എഫ്-ന്റെ പഞ്ചായത്ത് പ്രസിഡന്റ് ഇത് വ്യാജ ഏറ്റുമുട്ടലാണെന്ന് പറയുന്നു. അവിടത്തെ പാർലമെന്റ് അംഗമായ ശ്രീ. വി. കെ. ശ്രീകണ്ഠൻ, എം.പി. അവിടെ പോകുകയും ഈ നാലുപേരെയും വെടിവച്ചത് ഒരു ഏറ്റുമുട്ടലുമിഇല്ലാതെ നടന്ന സംഭവമാണെന്ന് വളരെ വ്യക്തമായി പറയുകയും ചെയ്യുന്നു. എനിക്ക് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് അങ്ങ് ഇതിന്റെ സത്യാവസ്ഥ വെളിപ്പെടുത്തണം. ഈ സഭയെ അറിയിക്കണം, ജനങ്ങളെ

അറിയിക്കണം. ഇത് വ്യാജ ഏറ്റുമുട്ടലാണെന്ന് ശ്രീ. കാനം രാജേന്ദ്രൻ പറയുന്നു. ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇവരെ വെടിവച്ച് കൊന്നതെന്ന് പറയുന്നു. (......ബഹളം.....) പോലീസുമായി നെഗോഷ്യേറ്റ് ചെയ്ത് സറണ്ടർ ചെയ്യിക്കാനുള്ള തീരുമാനമെടുത്തതിനിടയിലാണ് വെടിവച്ചതെന്നാണ് ഒരു ആദിവാസിയായ വ്യക്തി പറയുന്നത്. അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഇതിൽ എന്താണ് സത്യം; എന്താണ് യാഥാർത്ഥ്യം? പൊതുസമൂഹം അറിയേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിക്കണം, ജനങ്ങളെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറയാനുള്ളത് സീറോ അവറിൽ ഉന്നയിച്ചു. ഇന്നലെ ചർച്ച ചെയ്ത കാര്യമാണ്. എന്ത് മറുപടി പറയണമെന്ന് ചെയറിന് പറയേണ്ട ആവശ്യമില്ലല്ലോ.